24/09/2021
Class 2


# മലയാളം

ഫസ്റ്റ് ബെൽ 2.0

# 3. നാടിനെ രക്ഷിച്ച വീരബാഹു

## വരയ്ക്കാം, നിറം നൽകാം

ഇന്നത്തെ ക്ലാസ്സിൽ ടീച്ചർ വരച്ച ഉണ്ണിക്കുട്ടനെ എല്ലാവർക്കും ഇഷ്ടമായില്ലേ. ഉണ്ണിക്കുട്ടനെ നിങ്ങളുമൊന്ന് വരച്ചുനോക്കൂ. ഭംഗിയിൽ നിറവും നൽകണേ.



ഉണ്ണിക്കുട്ടൻ

Aswathi K
Mundayad LPS

https://textbooksall.blogspot.com/

# വായിക്കാം

## വീരബാഹു എന്താണ് രാജാവിനോട് പറഞ്ഞതെന്ന് കൂട്ടുകാർക്ക് അറിയണ്ടേ.ടെക്സ്റ്റ്ബുക്ക് പേജ്നമ്പർ 43,44,45 വായിച്ചുനോക്കൂ.

രണ്ടുനേരം കുളിക്കേണം
പല്ലു നിത്യം തേച്ചിടേണം
നഖങ്ങൾ വളർന്നിടുമ്പോൾ
മുറിച്ചിടേണം

എന്താ ചെയ്യാമോ?'' വീരബാഹു ചോദിച്ചു.

രാജാവ് തലകുലുക്കി സമ്മതിച്ചു.

മാസം ഒന്നു കഴിഞ്ഞു. മരുന്നു കഴിച്ചിട്ടും ശരീരം വൃത്തിയാക്കിയിട്ടും അസുഖം പൂർണമായി മാറിയില്ല.
ഇനി എന്തു ചെയ്യും?
വീരബാഹു വീണ്ടും വന്നു.

''മണ്ണു നന്നായ് കിളയ്ക്കേണം
വിത്തെടുത്തു വിതയ്ക്കേണം
ദേഹം വിയർത്തീടുംവരെ
വേല ചെയ്യേണം''


ഇതുകേട്ട രാജാവിന് വീരബാഹുവിനോട് നീരസം തോന്നി.



എങ്കിലും അദ്ദേഹം പതുക്കെപ്പതുക്കെ ഓരോരോ ജോലികൾ ചെയ്യാൻ തുടങ്ങി. പകലന്തിയോളം ജോലി. കൃത്യസമയത്ത് ഭക്ഷണം.

മാസങ്ങൾ കടന്നുപോയി. രാജാവിന്റെ ദേഹം മെലിഞ്ഞു. പെരുവയർ ചുരുങ്ങി. ആഹാരത്തോടുള്ള ആർത്തി കുറഞ്ഞു. രാജാവ് വീരബാഹുവിനെ വിളിച്ചുവരുത്തി.

''വൈദ്യരേ, എന്റെ രോഗം പൂർണമായും മാറി. പക്ഷേ, നാട്ടിലാകെ പല രോഗങ്ങളും പടർന്നുപിടിക്കുകയാണ്. അതിനും കൂടി ഒരു പരിഹാരം താങ്കൾ കാണണം.''



വീരബാഹു ചില കാര്യങ്ങൾ രാജാവിനോടു പറഞ്ഞു.

''അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നാടുമുഴുവൻ ഉടൻ വിളംബരം ചെയ്യൂ.'' രാജാവ് മന്ത്രിയോട് കൽപ്പിച്ചു. പടയാളികൾ കവലതോറും ചെണ്ട കൊട്ടി അറിയിച്ചു: ''ഡും... ഡും... ഡും... ഡും

നാട്ടുകാരേ കേട്ടിടേണം
കേട്ട കാര്യം ചെയ്തിടേണം.
ദേഹമെല്ലാം ശുചിയായി
സൂക്ഷിച്ചിടേണം.

വീടും ചുറ്റുപാടുമെല്ലാം
വൃത്തിയായി സൂക്ഷിക്കേണം
ഈച്ച, കൊതു കീടങ്ങളെ
തുരത്തീടേണം.

പുഴ, കിണർ, കുളമെല്ലാം
ശുചിയായി സൂക്ഷിച്ചീടിൽ
രോഗമെല്ലാം നാടുവിടും
ഓർക്കുക വേണം.''

# കണ്ടെത്താം,എഴുതാം

**ടെക്സ്റ്റ്ബുക്ക് പേജ് നമ്പർ 45 ൽ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതൂ.**

## പറയാം, എഴുതാം

- ''ഇങ്ങനെ പോയാൽ ഈ പെരുവയറൻ രാജാവ് നാടുമുടിക്കും''- ആളുകൾ ഇങ്ങനെ പറയാൻ എന്തായിരിക്കും കാരണം?
- ''ഞാൻ പറയുന്നതുപോലെ ചെയ്താൽ രോഗം പടി കടക്കും.'' എന്തൊക്കെ ചെയ്യാനാണ് വീരബാഹു രാജാവിനോടു പറഞ്ഞത്?
- ''ഇതുകേട്ട രാജാവിന് വീരബാഹുവിനോട് നീരസം തോന്നി.'' എന്തുകൊണ്ട്?
- എന്താണ് പടയാളികൾ നാടുനീളെ വിളംബരം ചെയ്തത്?

# പേരു നൽകാം

**കഥയിലെ രാജാവിന് ഒരു പേരു നൽകണം. കൂട്ടുകാർക്കിഷ്ടപ്പെട്ട പേര് നൽകൂ.**

# ചോദ്യങ്ങൾ തയാറാക്കാം

**പാഠഭാഗം വായിച്ച് കൂടുതൽ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും കണ്ടെത്തിയെഴുതൂ.**

? **പെരുവയറൻ രാജാവിന്റെ ഓരയൊരു വിചാരം എന്താണ്?**

**തിന്നണം തിന്നണം**
**എപ്പോഴും തിന്നണം**

?

?

?

?

?

?

?

# കൂട്ടത്തിൽ പെടാത്തത് ഏത്?

**ടെക്സ്റ്റ്ബുക്ക് പേജ് നമ്പർ 45 ൽ തന്നിരിക്കുന്ന കൂട്ടത്തിൽ പെടാത്തവ ഏത് എന്ന പ്രവർത്തനം പൂർത്തിയാക്കൂ.**

## കൂട്ടത്തിൽ പെടാത്തവ ഏത്?

- ദീനം ദേഹം അസുഖം രോഗം
- ദിവസവും കുളിക്കണം. എപ്പോഴും തിന്നണം.
  നിത്യവും വ്യായാമം ചെയ്യണം. നഖങ്ങൾ മുറിക്കണം.